പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1547** **05.12. 2014-** ലെ മറുപടി

<u>പ്രവാസികളുടെ പുനരധിവാസ പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾ എന്തെല്ലാം;ഏതെല്ലാം മേഖലകളാണ് പുനരധിവാസത്തിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ? | തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.<br><br>ഇതിന് പുറമേ സൌദി അറേബ്യയിൽ സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണുള്ളത്.<br><br>1) തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക. |

2) ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.

3) സ്വയം സംരംഭക സഹായ പദ്ധതി

4) പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.

5) സ്വയംതൊഴിൽ/ നിക്ഷേപ സംരംഭങ്ങൾ.

താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകിവരുന്നത്.

ഉല്പാദനം - ചെറുകിട – ഇടത്തരം സംരംഭങ്ങൾ(പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

സേവനങ്ങൾ - (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സിസർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)

കച്ചവടം - (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും തുടങ്ങിയ)

കാർഷിക വ്യവസായങ്ങൾ - (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, മത്സ്യ കൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപന്ന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ട വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

സെക്ഷൻ ഓഫീസർ

h